നം: എഫ്4/1623/2018.

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം
എറണാകുളം, തിയതി.23.01.2018.

പ്രേഷിതൻ

വിദ്യാഭ്യാസ ഉപഡയറക്ടർ,
എറണാകുളം.

സ്വീകർത്താവ്

എല്ലാ ജില്ല ഉപജില്ല വിദ്യാഭ്യാസ ആഫീസർമാർക്കും.

സർ,

വിഷയം. പൊ.വി – ഇൻസ്പെയർ അവാർഡ് – എക്സിബിഷൻ 2016–17, 2017–18 എക്സിബിഷനിൽ പങ്കെടുക്കുന്നത് സംബന്ധിച്ച്.

സൂചന: 1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19.01.2018–ലെ പിഎൽ(3)/5667 4/17 /ഡിപിഐ.

======

സൂചന സർക്കുലർ അനുസരിച്ച് **2016–17, 2017–18** വർഷങ്ങളിലെ ജില്ലാതല ഇൻസ്പെയർ എക്സിബിഷൻ എറണാകുളത്ത് വച്ച് നടത്തുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദേശിച്ചിട്ടുണ്ട്. **2016–17, 2017–18** വർഷങ്ങളിലെ ഇൻസ്പെയർ അവാർഡ് എക്സിബിഷൻ ഈ വർഷം **ജനുവരി** 27–ാം തിയതി ശനിയാഴ്ച എറണാകുളം എസ്.ആർ.വി.എച്ച്.എസ്.എസ്.ൽ വച്ച് നടത്തപ്പെടുകയാണ്. ഇൻസ്പെയർ അവാർഡ് എക്സിബിഷനിലേക്ക് തെരഞ്ഞെടുക്കപ്പെട്ട എല്ലാ കുട്ടികളെയും ഈ എക്സിബിഷനിൽ പങ്കെടുപ്പിക്കുവാൻ പ്രധാനാദ്ധ്യാപകർക്ക് നിർദേശം നൽകേണ്ടതാണ്. ബന്ധപ്പെട്ട കുട്ടികളെ സ്കൂൾ വഴി ജില്ല/ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ അറിയിക്കേണ്ടതും അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുമാണ്. കുട്ടികൾക്കുള്ള രജിസ്ട്രേഷൻ അന്ന് ദിവസം **രാവിലെ 8:30ന്** ആരംഭിക്കുന്നതാണ്. എക്സിബിഷന്റെ മൂല്യനിർണ്ണയം **രാവിലെ 11** മണി *മുതൽ ആരംഭിക്കുന്നതാണ്.*

വിശ്വസ്തതയോടെ

(ഒപ്പ്)

വിദ്യാഭ്യാസ ഉപഡയറക്ടർ
എറണാകുളം.

ഉള്ളടക്കം: പങ്കെടുക്കുന്ന കുട്ടികളുടെ ലിസ്റ്റ്.